ഉത്തരം

(എ) നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായും ഒഴിവുകളുടെ അടിസ്ഥാനത്തിലും സ്ഥലം മാറ്റം നൽകുന്നതാണ്.

(ബി) കഴിയുന്നത്ര മുൻഗണന നൽകുന്നുണ്ട്.

(സി) ജില്ലാന്തര സ്ഥലമാറ്റം വാങ്ങി മറ്റൊരു ജില്ലയിലേക്കു വരുന്ന അദ്ധ്യാപകർ അവിടെ "എൻട്രികേഡറിൽ" ജൂനിയർ മോസ്റ്റായി കണക്കാക്കപ്പെടും.

(ഡി) അവികസിത ജില്ലകളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് ജില്ലാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. പബ്ലിക് സർവീസ് നിയമന ചട്ടങ്ങളുടെ പരിധിക്കകത്തു വരുന്ന സ്ഥലമാറ്റത്തെ സംബന്ധിച്ച ചട്ടങ്ങൾ അദ്ധ്യാപകർക്കു മാത്രമല്ല മറ്റ് കാറ്റഗറിയിലുള്ള ജീവനക്കാർക്കും ബാധകമാണ്. അത് അദ്ധ്യാപകർക്കു മാത്രമായി ഭേദഗതി ചെയ്യുന്നത് അഭികാമ്യമല്ല.

സുഹൃത്ത് രാജ്യങ്ങളുമായി സൗഹൃദബന്ധം പുലർത്തുന്നതിന് അദ്ധ്യാപകരുടെ സേവനം

527 [729] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അവികസിത-വികസ്വര സുഹൃത്ത് രാഷ്ട്രങ്ങളിലേക്കു വിദഗ്ദ്ധൻമാരുടെ സേവനം വിട്ടുകൊടുക്കുന്ന നയമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് നിന്നും നൈജീരിയ, സാമ്പിയ എന്നീ രാജ്യങ്ങളിലേക്ക് സർവ്വീസിലിരിക്കുന്ന അദ്ധ്യാപകരെ അയച്ചിരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കരാർ വ്യവസ്ഥപ്രകാരം മേൽ പറഞ്ഞ രാജ്യങ്ങളിൽ ജോലി ചെയ്തിരുന്ന പ്രസ്തുത അദ്ധ്യാപകർ ആ രാഷ്ട്രങ്ങളിലുണ്ടായ സാമ്പത്തികതകർച്ചക്കും രാഷ്ട്രീയ അനിശ്ചിതത്വവും പീഡനങ്ങളും മൂലം സർവവും ഉപേക്ഷിച്ചു മടങ്ങിവന്ന ദാരുണസ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം മടങ്ങിവന്ന് സർവീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് അവരുടെ വിദേശ സർവീസുകൂടി, കണക്കിലെടുത്ത് സംസ്ഥാനത്ത് മറ്റുള്ളവർക്ക് നിലവിലുള്ള സർവീസ് ആനുകൂല്യങ്ങൾ എല്ലാം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിലർ കാലാവധി തീർന്നും ചിലർ കാലാവധി തീരാതെയും തിരിച്ചു വന്നിട്ടുണ്ട്. ഏത് സാഹചര്യത്തിലാണ് അവർ വന്നതെന്നറിയില്ല.

(സി) : ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിദേശത്തു പോയി തിരിച്ചു വരുന്ന അദ്ധ്യാപകർക്ക് അവരുടെ വിദേശ സർവീസും കണക്കിലെടുത്ത് നിലവിലുള്ള സർവീസ് ആനുകൂല്യങ്ങൾ എല്ലാം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly